## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.180 07.08.2017 ൽ മറുപടിയ്ക്ക്

### ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിൽ മുൻസർക്കാരിന്റെ കാലത്ത് വ്യാപകമായി ക്രമക്കേടുകൾ നടന്നതായുള്ള റിപ്പോർട്ടുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചപ്പാത്തി യൂണിറ്റിലേക്ക് കോഴിയിറച്ചി വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് വകുപ്പുതല പ്രാഥമിക അന്വേഷണം നടത്തി ജയിൽ വകുപ്പ് മേധാവി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ മുൻവർഷങ്ങളിലെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ കണക്കുകൾ ആഡിറ്റ് നടത്തി വരുന്നു. |
| (സി) | പത്തനംതിട്ട ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റിൽ ശബരിമല തീർത്ഥാടന കാലത്ത് വൻതോതിൽ പണം തിരിമറി നടന്നതായുള്ള ആരോപണം പരിശോധിച്ചിട്ടുണ്ടോ ; | (സി) | ഇത്തരത്തിൽ ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ജയിൽ ഭക്ഷ്യോല്പന്ന യൂണിറ്റുകളിലെ പണം തിരിമറി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇതു സംബന്ധിച്ച വകുപ്പുതല പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്മേൽ സർക്കാർ അടിയന്തിരമായി തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ